**പതിനഞ്ചാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2022 ആഗസ്റ്റ് 31, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹു. സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

16 (*121) പഴം-പച്ചക്കറികൾക്ക് ഏകീകൃത വില ഉറപ്പുവരുത്തുന്നതിന് നടപടി

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, ജില്ലാടിസ്ഥാനത്തിൽ വില നിർണ്ണയ കമ്മിറ്റി രൂപീകരിച്ച് പ്രാദേശിക വിപണികളിലെ ദൈനംദിന വിലനിലവാരത്തിനനുസൃതമായി പഴം-പച്ചക്കറികൾക്ക് ഏകീകൃത വില പ്രഖ്യാപിച്ച് ഓണ വിപണികളിൽ പ്രസ്തുത വില ഉറപ്പുവരുത്തുമെന്ന് സഭയെ അറിയിച്ചു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ള കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതിപ്രകാരം കേരളത്തിലെ 16 ഇനം

പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിക്കുകയും പ്രസ്തുത വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയും കർഷകരിൽ നിന്നും സംഭരിക്കുന്ന ഉല്പന്നങ്ങൾ കാർഷിക വികസന കർഷക ക്ഷേമവകുപ്പ്/ഹോർട്ടികോർപ്/വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ വിപണികളിലൂടെ വില്പന നടത്തിവരികയും ചെയ്യുന്നു. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയുന്ന മേഖലകളിൽ നിന്നും ജില്ലാ സംഭരണ കേന്ദ്രങ്ങൾ മുഖേന ഹോർട്ടികോർപ് പഴം-പച്ചക്കറികൾ സംഭരിക്കുന്നുണ്ടെന്നും വിപണനത്തിനായി സംസ്ഥാനത്തുടനീളം ഗ്രാമശ്രീ ഹോർട്ടി ബസാറുകളും സൂപ്പർ സ്റ്റാളുകളും ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ജൈവകൃഷിയും ഉത്തമകൃഷിരീതികളും പദ്ധതിപ്രകാരം കോഴിക്കോട്ടും ആലപ്പുഴയിലും ജൈവോല്പന്നങ്ങളുടെ വിപണത്തിനായി ഹൈടെക്ക് സൂപ്പർമാർക്കറ്റുകൾ സ്ഥാപിക്കുമെന്നും ഉല്പാദന കേന്ദ്രങ്ങളിൽ ചില്ലർ സ്റ്റോറേജുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നും വട്ടവടയിൽ ഒരു പ്രീ-കൂളിംഗ് കേന്ദ്രവും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ കോൾഡ് ഔട്ട്ലെറ്റുകളും സ്ഥാപിക്കുന്നതിനും ഹോർട്ടികോർപിന്റെ കോൾഡ്

സ്റ്റോറേജ് നവീകരിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിച്ചു. കർഷകർക്ക് പാരിസ്ഥിതികവും സാമ്പത്തികവുമായ നേട്ടം പ്രദാനം ചെയ്യുന്നതിനായി കഞ്ഞിക്കുഴി, ദേവികുളം, ചിറ്റൂർ, പഴയന്നൂർ എന്നിവിടങ്ങളിൽ പ്രത്യേക കാർഷിക മേഖലകൾക്ക് രൂപംനൽകുകയും വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുക, ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ചിട്ടുള്ള 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിൻകീഴിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് കർഷകർക്ക് വിത്തുമുതൽ വിപണിവരെയുള്ള എല്ലാ സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി സംസ്ഥാനമൊട്ടാകെ നടത്തിവരുന്നുണ്ടെന്നും വിളയിടാധിഷ്ഠിത കൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഒരു കൃഷിഭവന്റെ കീഴിൽ ഒരു മൂല്യവർദ്ധിത ഉല്പന്നം എന്ന ആശയം നടപ്പാക്കുന്ന കാര്യം ആലോചിക്കുമെന്നും വ്യക്തമാക്കി. ഓണക്കാലത്ത് പഴം-പച്ചക്കറി വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുവാൻ തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിനും പ്രാദേശിക കർഷകരിൽനിന്ന് സംഭരണവിലയേക്കാൾ 10% അധികവില നൽകി

സംഭരിച്ച് വിപണിവിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന്റെ സഞ്ചരിക്കുന്ന 14 വിൽപ്പനശാലകൾ ആരംഭിക്കുമെന്നും 19 റീഫർവാനുകൾ സജ്ജമാക്കുമെന്നും വ്യക്തമാക്കി. ബാങ്കുകളുടെ സഹകരണത്തോടെ കാലതാമസംകൂടാതെ കാർഷികോല്പന്നങ്ങളുടെ സംഭരണവില കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നതായും കർഷകർക്കുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. പ്രകൃതിദുരന്തത്തിൽ കൃഷിഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിക്കുമെന്നും സീഡ് ഫാമുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്നും വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുമെന്നും അട്ടപ്പാടിയിൽ വിത്തുല്പാദനകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുമെന്നും ആലത്തൂർ വി.എഫ്.പി.സി.കെ.-യിൽ ഒഴിഞ്ഞുകിടക്കുന്ന സീഡ് ടെക്നോളജിസ്റ്റ് തസ്തികയിൽ നിയമനം നടത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17 (*122) കണക്ട് കരിയർ ടു കാമ്പസ്

ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു ) നൽകിയ മറുപടിയിൽ, വിദ്യാർത്ഥി സമൂഹത്തെ തൊഴിൽ സജ്ജരാക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ-തൊഴിൽ വകുപ്പുകളുടെ സഹകരണത്തോടെ അസാപ് കേരളയും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി.ഐ.-കൾ, മറ്റ് നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ 'കണക്ട് കരിയർ ടു കാമ്പസ്' ക്യാമ്പയിൻ നടത്തിവരുന്നതായി സഭയെ അറിയിച്ചു. വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂ പരിശീലനം, മെന്ററിംഗ്, ഹ്രസ്വകാല നൈപുണ്യ പരിശീലനം എന്നിവ നൽകുന്നതിലൂടെ പഠനം പൂർത്തിയാക്കുന്നതിനൊപ്പം തൊഴിലിലേയ്ക്കെത്തുന്നതിനുള്ള പിന്തുണാസംവിധാനമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) കേരള നോളജ് ഇക്കോണമി മിഷൻ (KKEM) നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇഷ്ട തൊഴിൽമേഖലയിൽ നൈപുണ്യം നേടുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടെ നൂതന കോഴ്സുകളും

പ്ലേസ്മെന്റ് പോർട്ടലിലൂടെ നൈപുണ്യം സിദ്ധിച്ചവർക്ക് തൊഴിലും ലഭ്യമാക്കുന്നു. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവിടങ്ങളിലൂടെയാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്. രാജ്യത്തെ എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും എൻ.എസ്.ക്യൂ.എഫ്. (National Skills Qualifications Framework) നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി സ്കിൽ ഇക്കോ സിസ്റ്റം സൃഷ്ടിച്ചെടുക്കാനുള്ള ദൗത്യം നിർവ്വഹിക്കുന്ന അസാപ് കേരളയെ അസ്സെസ്സ്മെന്റ് ഏജൻസിയായും അവാർഡിംഗ് ബോഡിയായും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് നിശ്ചയിച്ചിക്കുകയും ദേശീയതലത്തിലുള്ള 'ഡ്യൂവൽ റെക്കഗ്നിഷൻ' പദവി ഇതിലൂടെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സ്ഥലലഭ്യതയനുസരിച്ച് സ്റ്റാർട്ടപ്പ്/ റിസർച്ച് പാർക്കുകൾ ആരംഭിക്കുമെന്നും യുവാക്കളുടെ സംരംഭകത്വശേഷി വികസിപ്പിച്ച് സംരംഭകരായും തൊഴിൽ ദാതാക്കളായും മാറ്റുന്നതിനുള്ള നടപടികളും ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന പദ്ധതിയിലൂടെ കൃഷി/

വ്യവസായ/ആരോഗ്യ മേഖലകൾക്കാവശ്യമുള്ള ഉപകരണങ്ങൾ വിദ്യാർത്ഥികൾ വികസിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ടെന്നും 'Earn While You Learn' പദ്ധതി പ്രകാരം കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകിവരുന്നുണ്ടെന്നും വ്യക്തമാക്കി. തൊഴിൽ മേഖലകളുടെ സാധ്യതകൾ കൃത്യമായി വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ സർവ്വകലാശാലകളിൽ ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിക്കുമെന്നും വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ വികസിപ്പിക്കുന്നതിനും അടിസ്ഥാന മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കഴിയുംവിധത്തിൽ ഗവേഷണം നടത്തുന്നതിന് 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നും ആദ്യഗ്രൂപ്പായി 77 യുവഗവേഷകരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കെ-സ്കിൽ ക്യാമ്പയിനിന്റെ ഭാഗമായി ജോബ് ഫെയറുകൾ നടത്തുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദ്യാഭ്യാസ-വ്യവസായ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി എല്ലാ നിയോജകമണ്ഡലങ്ങളിലും നൈപുണ്യപരിചയ മേളകൾ സംഘടിപ്പിക്കുമെന്നും എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്ത് കെട്ടിട

നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്നും ചങ്ങനാശ്ശേരിയിൽ തൊഴിൽ നൈപുണ്യ കേന്ദ്രം അനുവദിക്കുന്ന കാര്യം പരിശോധിക്കുമെന്നും പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും മികച്ച നിലവാരത്തിലുള്ള ഫാബ് ലാബുകൾ തയ്യാറാക്കിവരുന്നുണ്ടെന്നും B.Voc, M.Voc ഉൾപ്പെടെയുള്ള കോഴ്സുകൾ കൂടുതൽ ആരംഭിക്കാനുള്ള പരിശ്രമം നടത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*123) <u>മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിനുമായി മത്സ്യബന്ധന വകുപ്പും അനുബന്ധ ഏജൻസികളും ചേർന്ന് സമ്പാദ്യ സമാശ്വാസം, കടൽ സുരക്ഷ, സമുദ്ര, തീരോന്നതി, വിദ്യാഭ്യാസ സഹായം, മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ്, രാഷ്ട്രീയ കൃഷി വികാസ്, ഓഖി ഡെവലപ്മെന്റ് പാക്കേജ് തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കി

വരുന്നതായി സഭയെ അറിയിച്ചു. മത്സ്യവിഭവ സംരക്ഷണത്തിനും വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ അനുവദിച്ചും ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഫിംസ് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ മത്സ്യത്തൊഴിലാളികളുടെ ഡാറ്റാ ബേസ് തയ്യാറാക്കി കാലതാമസംകൂടാതെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ആനുകൂല്യങ്ങൾ നൽകിവരുന്നതായും വ്യക്തമാക്കി. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും കേരളത്തിലും മറ്റുസംസ്ഥാനങ്ങളിലും ഒരേസമയം ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഇതരസംസ്ഥാനങ്ങളുമായി ചർച്ചനടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും ഓഖി ദുരിതബാധിതരെയും പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരികയാണെന്നും നിലവിലുള്ള സുനാമി കോളനികൾക്കുപകരം മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടെന്നും മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരികയാണെന്നും മത്സ്യത്തൊഴിലാളി

ക്ഷേമനിധി ബോർഡിന് ലഭിച്ചുകൊണ്ടിരുന്ന മത്സ്യവിഭവങ്ങളുടെ കയറ്റുമതി സെസ് പുനഃസ്ഥാപിക്കുന്നതിന് ശ്രമം നടത്തുമെന്നും കണ്ണൂർ മാപ്പിളബേയിൽ ഡ്രഡ്ജിംഗ് നടത്തുന്ന കാര്യം പരിഗണിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.